**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5169** **21-03-2025 - ൽ മറുപടിയ്ക്ക്**

**ജൈവ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്തെ ജൈവകർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ഉയർന്ന വിലയും ഉറപ്പായ വിപണിയും നേടിയെടുക്കുവാനും കൂടുതൽ കർഷകരെ ജൈവകൃഷിയിലേക്ക് ആകർഷിക്കുവാനും താഴെ പറയുന്ന നടപടികൾ കൈകൊണ്ടിട്ടുണ്ട്.<br><br>1) കേരളത്തിലെ കർഷകരിലും പൊതുജനങ്ങളിലും ജൈവ കാർഷിക ഉല്പന്നങ്ങളുടെ ഗുണങ്ങളായ സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം, എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവ മാർഗ്ഗത്തിലൂടെ ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കുന്നതിനും ജൈവ ഉല്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനുള്ള വിപണി ഇടപെടലുകൾ നടത്തുന്നതിലൂടെ കാർഷിക വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനുമായി ഈ സർക്കാർ ജൈവകാർഷിക മിഷൻ രൂപീകരിച്ചിട്ടുണ്ട്.<br><br>2) ജൈവ ഉൽപ്പന്നങ്ങളുടെ ഉല്പാദനത്തിൽ അനുവർത്തിക്കേണ്ട ഗുണമേന്മകളെക്കുറിച്ച് കർഷകരെ ബോധവത്കരിക്കുന്നതിനുള്ള പ്രവർത്തങ്ങൾ, ജൈവ ഉല്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാക്കുവാനുള്ള വിപണി ഇടപെടലുകൾ, ജൈവ ഉല്പന്നങ്ങൾക്ക് ഓർഗാനിക് സർട്ടിഫിക്കേഷൻ ലഭ്യമാക്കുവാനുള്ള നടപടികളിൽ പിന്തുണ, ഉല്പന്നങ്ങളുടെ കയറ്റുമതിക്കുള്ള പിന്തുണ തുടങ്ങിയവ ജൈവ കാർഷിക മിഷന്റെ നടത്തിപ്പിന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുണ്ട്.<br><br>3) സംസ്ഥാനത്തെ കർഷകരുടെ ജൈവ ഉൽപ്പന്നങ്ങൾക്ക് വേണ്ടത്ര വില ലഭിക്കാത്ത |

| | | | |
|---|---|---|---|
| | | | സാഹചര്യം കണക്കിലെടുത്ത് കേരളത്തിലെ ജൈവ കർഷകരുടെഉൽപ്പന്നങ്ങൾക്കും മൂല്യവർധിത ഉൽപ്പന്നങ്ങൾക്കും സർട്ടിഫിക്കേഷനും ബ്രാൻഡിങ്ങും തിരഞ്ഞെടുക്കപ്പെട്ട ഏജൻസികൾ മുഖാന്തിരം, ജൈവ കൃഷിയും ഉത്തമ കാർഷിക മുറകളും പദ്ധതി, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി എന്നിങ്ങനെ രണ്ടു പദ്ധതികൾ പ്രകാരം നടപ്പിലാക്കി വരുന്നു. അതിലൂടെ കയറ്റുമതി സാധ്യതകൾ എന്ന പുത്തൻ വാതിൽ കർഷകർക്ക് മുൻപിൽ തുറക്കപ്പെടുകയും ചെയ്യുന്നു.<br><br>4) കേരളത്തിലെ ജൈവ ഉൽപ്പന്നങ്ങൾ സർട്ടിഫിക്കേഷന് ശേഷം കേരളഗ്രോ-ഗ്രീൻ, കേരളഗ്രോ-ഓർഗാനിക് എന്നീ ബ്രാൻഡുകളിൽ കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകളിലൂടെ വിപണനം ആരംഭിച്ചിട്ടുണ്ട്. ഇത്തരം 26 ജൈവ മൂല്യ വർധിത ഉൽപ്പന്നങ്ങൾ വിപണിയിൽ ലഭ്യമാണ്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനായി സ്ഥാപിക്കപ്പെട്ട കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകളിലൂടെ ഓർഗാനിക് ആയതും, ഉത്തമ കാർഷികമുറകൾ പാലിച്ച് കൃഷിചെയ്തതുമായ ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ ലഭ്യമാണ്. കേരളത്തിൽ ഇത്തരത്തിൽ ആകെ 15ഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് . |
| (ബി) | ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | കൃഷിയെ മാത്രം ആശ്രയിച്ചുള്ള ഉപജീവനമാർഗ്ഗം സ്വീകരിക്കുന്ന കർഷകർക്ക് തങ്ങളുടെ കൃഷിയിടത്തിൽ നിന്നും പരമാവധി വരുമാനം ഉറപ്പാക്കി സാമ്പത്തികഭദ്രത നേടിയെടുക്കുവാനും ഇതിനായി കൃഷി, മൃഗസംരക്ഷണം, കോഴി വളർത്തൽ, മത്സ്യ കൃഷി, തേനീച്ച കൃഷി, കൂൺ കൃഷി തുടങ്ങിയ കാർഷിക മേഖലകളെ പരസ്പരപൂരകങ്ങളായി ഏകോപിപ്പിച്ചുകൊണ്ടു സ്ത്രീകൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ, പ്രവാസികൾ എന്നിവരുടെ കൂട്ടായ്മകൾക്ക് മുൻഗണനനല്കികൊണ്ടും, സാമൂഹ്യ-സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചു വരുന്നവർ, സന്നദ്ധസംഘടനകൾ തുടങ്ങിയ ജനവിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും ലക്ഷ്യം കൈവരിക്കാനാണ് ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടിരിക്കുന്നത്. തദ്ദേശ സ്വയം ഭരണ വകുപ്പ്, ആസൂത്രണകാര്യ വകുപ്പ്, സഹകരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ് എന്നീ വകുപ്പുകളെ സംയോജിപ്പിച്ചും കുടുംബശ്രീ മിഷനിലെയും തൊഴിലുറപ്പ് പദ്ധതിയിലേയും അംഗങ്ങൾക്ക് സഹായകരമാകുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നത്. |

ഓരോ വർഷവും കുറഞ്ഞത് 10,000 ഹെക്ടർ വീതം കാർഷിക പാരിസ്ഥിതിക മേഖലകളെഅടിസ്ഥാനമാക്കി തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ജൈവ കൃഷി വ്യാപിപ്പിച്ചുകൊണ്ട് അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് 50,000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിക്കുവാനാണ് മിഷന്റെ പ്രവർത്തനങ്ങൾ മുഖേന ലക്ഷ്യമിടുന്നത്.

ജൈവ കാർഷിക മിഷന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ല, ബ്ലോക്ക്, ഗ്രാമ/നഗര മുൻസിപ്പാലിറ്റി, കൃഷിഭവൻ തല കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് യോഗങ്ങളും, പരിശീലനങ്ങളും നടത്തി വരുന്നു. കൂടാതെ ജൈവ കാർഷിക മിഷനെ പോഷകസമൃദ്ധി മിഷനുമായും, കൃഷിക്കൂട്ടങ്ങളുമായും സംയോജിപ്പിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി എന്നീ പദ്ധതികളെ സംയോജിപ്പിച്ച് കൊണ്ട് പ്രവർത്തനങ്ങൾ നടത്തി വരുന്നു. മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് (NIPHM) മായി ഏർപ്പെട്ട കരാറിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ മിത്ര ജീവികളുടെ ഇനോക്കുലവും അവ വളർത്തിയെടുക്കാൻ ആവശ്യമായ മീഡിയവും കർഷകർക്ക് ഇതിനോടകം വിതരണം ചെയ്തു കഴിഞ്ഞു. ഓർഗാനിക് പാക്കേജ് പബ്ലിഷ് ചെയ്യുന്നതിന് വേണ്ട നടപടി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പുരോഗമിച്ച് വരുന്നു.

പട്ടാമ്പി BOQCL(Biofertilizer and organic manure quality control laboratory) യും കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിൽ സോയിൽ സയൻസ് ഡിപ്പാർട്ട്മെൻറിൻറെ കീഴിൽ ആരംഭിച്ചിരിക്കുന്ന റഫറൽ ലാബ് എന്നിവ. ഈ ലാബുകൾ ജൈവവളങ്ങളുടെ ഗുണനിലവാര പാരാമീറ്ററുകളുടെ കൃത്യവും വേഗത്തിലുള്ളതുമായ വിശകലനത്തിന് ആവശ്യമായ അത്യാധുനിക ഹൈ-എൻഡ് അനലിറ്റിക്കൽ അത്യാധുനിക ഉപകരണങ്ങൾ കൊണ്ട് സജ്ജീകരിക്കപ്പെട്ടവയാണ്.

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന പദ്ധതികളാണ് കേരളത്തിൽ നടപ്പിലാക്കി വരുന്നത്.

**A) ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി**

ജൈവ തോട്ടങ്ങൾക്ക് NPOP സർട്ടിഫിക്കേഷൻ.

| | | | |
|---|---|---|---|
| | | | ഉത്തമ കൃഷി മുറകൾ പാലിച്ച് കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർക്ക് ക്ലസ്റ്റർ അടിസ്ഥാനത്തിൽ പരിശീലനം ഉല്പനോപാധികളുടെ വിതരണം എന്നീപ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു.<br><br>ജൈവ സാക്ഷ്യ പത്രം ലഭിച്ച ഉല്പന്നങ്ങൾക്ക് വിപണനത്തിനുള്ള സഹായം<br><br>**B) ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (BPKP)** പദ്ധതിയുടെ ഭാഗമായി കർഷകർക്ക് എക്സ്പോഷർ വിസിറ്റ്, കപ്പാസിറ്റി ബിൽഡിംഗ്, പരിശീലനം, കിസാൻ മേള പോലുള്ള ജൈവ കൃഷി പ്രോത്സാഹന പ്രചരണ പരിപാടികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് വേണ്ടി പ്ലോട്ടുകളും, അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിന് പ്ലോട്ടുകളും, പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുന്നു. പ്രസ്തുത പദ്ധതിയിലെ ഗ്രൂപ്പുകൾക്ക് കീടനാശിനി വിഷാംശ അവശിഷ്ട പരിശോധന നടത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ മൂന്നാം വർഷം കർഷകർക്ക് അവരുടെ ജൈവ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വേണ്ടി കർഷകർ അംഗങ്ങളായ ഗ്രൂപ്പുകൾക്ക് PGS India Organic സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ കർഷകരെ ജൈവ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള പ്രധാന ഘടകങ്ങളാണ്.<br><br>**C) നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF)**<br><br>രണ്ട് വർഷം തുടർച്ചയായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF) കേരളത്തിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 14 ജില്ലകളിലായി 50 ഹെക്ടർ വീതം വിസ്തൃതിയുള്ള 102 ക്ലസ്റ്ററുകൾ തിരഞ്ഞെടുത്തു. കൂടാതെ പ്രകൃതി കൃഷിയ്ക്കായുള്ള ഉല്പാദനോപാധികൾ നിർമ്മിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട BRC (Bio-Input Resource Centre) - കൾക്ക് അധിക ധനസഹായം നൽകുന്നതിനും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. 909.46 ലക്ഷം രൂപയാണ് പദ്ധതി നടപ്പിലാക്കുന്നതിന് വകയിരുത്തുന്നത്. |
| (സി) | ജൈവ കർഷകരുടെ മൂല്യവർധിത ഉല്പന്നങ്ങൾക്ക് മികച്ച വിപണി ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ജൈവ കർഷകരുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് മികച്ച വിപണി ഒരുക്കുക എന്ന ലക്ഷ്യമിട്ടുകൊണ്ട്, |

| | | | |
|---|---|---|---|
| | എങ്കിൽ വിശദമാക്കുമോ? | | ജൈവ കാർഷിക മിഷൻ സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള കർഷകർ, കൃഷിക്കൂട്ടങ്ങൾ, FPO –കൾ എന്നിവർ ജൈവ സാക്ഷ്യപ്പെടുത്തലോട്ടുകൂടി ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ഉയർന്ന വില ലഭിക്കുന്നതിന് "കേരളഗ്രോ ഗ്രീൻ, കേരളഗ്രോ ഓർഗാനിക്" എന്നി ബ്രാൻഡുകളിൽ വിപണിയിൽ എത്തിക്കാൻ സാധിച്ചു. ഇതിന്റെ ഭാഗമായി 26 മൂല്യവർദ്ധിത ജൈവ കാർഷിക ഉൽപ്പന്നങ്ങൾ പൈലറ്റ് അടിസ്ഥാനത്തിൽ september 11 ,2024 -ന് ലോഞ്ച് ചെയ്യുകയുണ്ടായി. 14 ജില്ലകളിലായി പ്രവർത്തിച്ചു വരുന്ന 15 കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകളിലൂടെ ഈ ഉല്പന്നങ്ങളുടെ വിപണന സൗകര്യം ഒരുക്കിയിട്ടുണ്ട്.<br><br>NPOP/PGS സർട്ടിഫിക്കറ്റ് ലഭിച്ച കൃഷിയിടത്തിലെ 106 ഉല്പന്നങ്ങൾ ജൈവ സർട്ടിഫിക്കേഷനോട്ടുകൂടി ലേബൽ ചെയ്ത് അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>"കേരളഗ്രോ ഗ്രീൻ, കേരളഗ്രോ ഓർഗാനിക്, PGS India Green & PGS India Organic" എന്നീ ബ്രാൻഡിൽ സർട്ടിഫിക്കേഷൻ ലഭിച്ച കാർഷിക ഉൽപ്പന്നങ്ങൾക്ക് വിപണി വിലയിൽ നിന്ന് 10% അധിക വില നൽകി സംഭരിക്കുന്നതിനും ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF) പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത് വഴി ലഭിക്കുന്ന വിഷരഹിത സർട്ടിഫൈഡ് ഉൽപന്നങ്ങൾക്ക് "Single National Brand" വ്യവസ്ഥയിൽ വിപണന സാധ്യതയും കർഷകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ് |

സെക്ഷൻ ഓഫീസർ